പരിമിതമായിവരുന്ന അസംസ്കൃത വസ്തുക്കളുടെയും നിർമ്മാണ സാമഗ്രികളുടെയും ഉപഭോഗം കുറച്ച് ഫ്ലൈ ആഷ് പോലുള്ള ബദൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുവാൻ നയം വ്യവസ്ഥ ചെയ്യുന്നു.

(സി) ഫലപ്രദവും കാര്യക്ഷമവുമായ രൂപകല്പന അവലംബിക്കുകവഴി പരമാവധി കാറ്റും പ്രകാശവും കെട്ടിടങ്ങളിൽ ഉറപ്പാക്കുവാൻ കഴിയും. അങ്ങനെ പകൽ സമയങ്ങളിൽ ലൈറ്റുകൾ, ഫാനുകൾ, എയർ കണ്ടീഷണറുകൾ എന്നിവ പരമാവധി ഒഴിവാക്കി വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കാം. കൂടാതെ പരമാവധി വൃക്ഷങ്ങളും ചെടികളും സംരക്ഷിക്കുന്നതുവഴി കെട്ടിടത്തിനുള്ളിലെ താപനില നിയന്ത്രിക്കുന്നതിന് സാധിക്കുന്നതാണ്. ECBC മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതുവഴി വൈദ്യുതിയുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് സാധിക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്. ഇത്തരത്തിൽ വൈദ്യുത ഉപഭോഗം 40% വരെയെങ്കിലും കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി KSTP റോഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ മോർച്ചറി പൂർണ്ണമായും സൗരോർജ്ജത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) ഹരിത നിർമ്മിതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം കെട്ടിടങ്ങൾക്ക് ടാക്സ് ഇളവുകൾ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകുന്നതിനും നയത്തിൽ നിർദ്ദേശമുണ്ട്. നയത്തെപ്പറ്റിയും ഹരിതനിർമ്മാണ തത്വങ്ങളെപ്പറ്റിയും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനായി പൊതുജനസമ്പർക്ക വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ലഘുലേഖകളുടെ വിതരണം, ഡോക്യുമെന്ററി, വീഡിയോ വാൾ, കുട്ടികൾക്കുള്ള ചിത്രരചനാ പ്രബന്ധ രചനാമത്സരങ്ങൾ എന്നിവയൊക്കെ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധരുടെ ആദ്യഘട്ട പരിശീലന ക്ലാസ്സുകൾ പൂർത്തിയായിക്കഴിഞ്ഞു. പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമാകുന്ന രീതിയിലുള്ള അടുത്തഘട്ട ബോധവത്കരണ ക്ലാസ്സുകൾ ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷനിൽ ജോലി

274(3199) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷനിൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത എത്ര പേർ ഏതെല്ലാം നിലയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൺസൂക്ഷൻ കോർപ്പറേഷനിൽ ജോലി നോക്കുന്നവരിൽ നേരിട്ട് നിയമിക്കപ്പെട്ടവർ എത്ര ; ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ എത്ര ;

(സി) കോൺട്രാക്ടുടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ എത്ര ;

(ഡി) വിവിധ സർവ്വീസുകളിൽ നിന്ന് റിട്ടയർ ചെയ്തതിന് ശേഷം കോർപ്പറേഷൻ സേവനം നടത്തുന്നവർ ആരൊക്കെ ; ഓരോരുത്തരുടെയും തസ്തിക, വേതനം, സേവന കാലയളവ് തുടങ്ങിയവ വിശദമാക്കുമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം " എ" ആയി ചേർത്തിരിക്കുന്നു.*

(ബി) കൺസൂക്ഷൻ കോർപ്പറേഷനിൽ പി.എസ്.സി. വഴി 25 (ഇരുപത്തിയഞ്ച്) പേർക്ക് നേരിട്ട് നിയമനം ലഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 7 (ഏഴ്) ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ 57 പേർ ജോലി ചെയ്യുന്നു.

(ഡി) വിശദാംശം അനുബന്ധം " ബി" ആയി ചേർത്തിരിക്കുന്നു.*

കേരള കൺസൂക്ഷൻ കോർപ്പറേഷൻ

275(3200) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കൺസൂക്ഷൻ കോർപ്പറേഷൻ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് എന്തൊക്കെ ഇളവ് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസൂക്ഷൻ കോർപ്പറേഷൻ എത്ര പ്രവൃത്തി ഏറ്റെടുത്തു ; എത്ര എണ്ണം പൂർത്തീകരിച്ചു ; ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) കൺസൂക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത പ്രവൃത്തികൾ കമ്മീഷൻ കൈപ്പറ്റി സ്വകാര്യ കരാറുകാർക്ക് മറിച്ച് നൽകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾ മറിച്ച് നൽകി; ഏതൊക്കെ ;

(ഡി) ടെണ്ടറുകൾ മറിച്ച് നൽകിയവയിൽ 104.81 കോടി രൂപ സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന എ.ജി.-യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly